NISH

# NIDAS: 12

# Schemes and Concessions for Differently Abled

## FREQUENTLY ASKED QUESTIONS

1.എത്ര ശതമാനം വൈകല്യം ഉള്ളവരാണ് ഡിസബിലിറ്റി സെർട്ടിഫിക്കറ്റിന് അർഹരായത്?

40%ത്തിൽ കൂടുതൽ വൈകല്യമുണ്ടെന്ന് മെഡിക്കൽ അധികാരികൾ സാക്ഷ്യപ്പെടുത്തിയവരെയാണ് വൈകല്യമുള്ളവരായി കണക്കാക്കുന്നത്

2.ഡിസബിലിറ്റി സെർട്ടിഫിക്കറ്റ് ലഭിക്കാൻ എന്ത് ചെയ്യണം?

മെഡിക്കൽ കോളേജ് / ജനറൽ ആശുപത്രി / ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷാഫോറത്തിനോടൊപ്പം പാസ്സ്പോർട്ട് സൈസ് ഫോട്ടോ, ഡിസബിലിറ്റി തെളിയിക്കുന്ന റിപ്പോർട്ട്, ജനന സർട്ടിഫിക്കറ്റ്(കോപ്പി), തിരിച്ചറിയൽരേഖ എന്നിവ അവിടെ സമർപ്പിച്ചാൽ ഡിസബിലിറ്റിസെർട്ടിഫിക്കറ്റ് കിട്ടും.

3.ഡിസബിലിറ്റി ഉള്ളവർക്ക് സൗജന്യമായി ഉപകരണങ്ങൾ ലഭിക്കുന്നത് എങ്ങനെ? എവിടെ നിന്ന്?

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ കേരള സ്റ്റേറ്റ് ഹാൻഡിക്യാപ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് ഓഫീസുമായി ബന്ധപ്പെട്ട് അപേക്ഷ ഫോറം പൂരിപ്പിച്ചു നൽകിയാൽ അർഹതപ്പെട്ടവർക്ക് ഡിസബിലിറ്റിക്ക് അനുയോജ്യമായ ഉപകരണങ്ങൾ സൗജന്യമായി ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് www.hpwc.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

കേന്ദ്ര സർക്കാർ ആനുകൂല്യങ്ങൾക്ക് http://india.gov.in/topics/social-develpent/disabled എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4.ഡിസബിലിറ്റി ഉള്ള കുട്ടിക്ക് സ്കൂളിൽ ലഭിക്കുന്ന കൺസെഷൻ എന്തെല്ലാം?

1. 1 മുതൽ 8 വരെ സ്റാൻഡേർഡുകളിൽ ചെലവുകൾക്കായിപ്രതിവർഷം 1100 രൂപ
2. 9 മുതൽ 10 വരെ സ്റാൻഡേർഡുകളിൽ ചെലവുകൾക്കായിപ്രതിവർഷം 5550 രൂപ
3. 11,12 സ്റാൻഡേർഡുകളിൽ ചെലവുകൾക്കായി പ്രതിവർഷം 3600 രൂപ
4. പരിഭാഷകന്റെ സഹായം തേടാവുന്നതാണ്.
5. ഭാഷാ സൗജന്യം (ഒരു ഭാഷയിൽ മാത്രം വിദ്യാഭ്യാസം നടത്താനുള്ള സൗകര്യംനൽകുന്നു).പകരം താഴെപ്പറയുന്ന ഏതെങ്കിലുമൊന്ന് വിദ്യാർത്ഥി തിരഞ്ഞെടുക്കേണ്ടതാണ്
    - ഹോർട്ടികൾച്ചർ
    - പാചകം
    - കമ്പ്യൂട്ടർ

- ചിത്രകല/ ഡ്രോയിങ്

5.ഡിസബിലിറ്റി ഉള്ള കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം എങ്ങനെ?

കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനു നാഷണൽ സ്കോളർഷിപ് ലഭിക്കുന്നതാണ്

a. ഒരു സമയം ഒരു കോഴ്സിന് മാത്രമേ സ്കോളർഷിപ് അനുവദിക്കുകയുള്ളൂ.
b. മത്സരപ്പരീക്ഷയുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ/പ്രഫഷണൽ കോഴ്സുകൾക്ക് കോളേജ് പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾ അവരുടെ ഹയർ സെക്കണ്ടറി/ ബിരുദ തലത്തിൽ നേടിയ മാർക്കിന്റെ ശതമാനം കണക്കിലെടുക്കാതെ തന്നെ സ്കോളർഷിപ്പിന് അർഹരായിരിക്കും. എന്നാൽ മത്സരപ്പരീക്ഷയുടെ അടിസ്ഥാനത്തിലല്ല പ്രവേശനമെങ്കിൽ ഹയർ സെക്കണ്ടറി/ബിരുദ തലത്തിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിരിക്കണം. ഈ വിഭാഗത്തിലുള്ള തിരഞ്ഞെടുപ്പ് കർശനമായും അവരുടെ മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും.
c. കറസ്പോണ്ടൻസ്കോഴ്സിലൂടെ വിദ്യാഭ്യാസം നിർവഹിക്കുന്നവരും സ്കോളർഷിപ്പിന് അർഹരാണ്.
d. തുടർന്നുള്ള വർഷങ്ങളിലെ സ്കോളർഷിപ് സ്വാഭാവികമായി ലഭിക്കുന്നതാണ്.എന്നാൽ അവർ തൊട്ടു മുൻവർഷത്തെ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.
e. ഒരു കോഴ്സിന് സ്കോളർഷിപ്പ് നേടിയ വിദ്യർത്ഥി ആ കോഴ്സ് പൂർത്തീകരിച്ച ശേഷം മറ്റൊരു കോഴ്സിന് ചേരുകയാണെങ്കിൽ അതിനും സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും
f. ഈ സ്കീം പ്രകാരം സ്കോളർഷിപ് ലഭിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥി ആ കോഴ്സിന് വേണ്ടി മറ്റു സ്കോളർഷിപ്പുകളോ സ്റ്റൈഫെൻഡോ വാങ്ങാൻ പാടുള്ളതല്ല.
g. ഗുണഭോക്താവിന്റെയോ ഗുണഭോക്താവിന്റെ രക്ഷകർത്താക്കളുടെയോ എല്ലാ മാർഗങ്ങളിൽക്കൂടിയുള്ള വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ അധികമാകാൻ പാടില്ല

6. .സർക്കാരിൽ നിന്ന് ലഭ്യമാകുന്നആനുകൂല്യങ്ങൾ എന്തൊക്കെയാണ്?

<u>വ്യക്തിക്ക്</u>

- തീവണ്ടി യാത്രാനുകൂല്യം
- KSRTC യാത്രാനുകൂല്യം
- സാമൂഹ്യസുരക്ഷാപെൻഷൻ
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ധനസഹായം

<u>മാതാപിതാക്കൾക്ക്</u>

- സ്ഥലംമാറ്റ മുൻഗണന
- കേന്ദ്ര ഗവണ്മെന്റ് ഉദ്യോഗസ്ഥർക്ക് ധനസഹായം
- സർക്കാർ ഉദ്യോഗസ്ഥർക്ക്15 ദിവസത്തെ കാഷ്വൽ ലീവ്
- നികുതിയിളവ്
- നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാണ്.

## കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടവർ

1. Ms.രജിത
   സോഷ്യൽ വർക്കർ 0471-3066638
   നിഷ്, തിരുവനന്തപുരം